# ആ രണ്ട് ഉടമ്പടികൾ

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ഗലാ. 4:21–31; ഉല്പ. 1:28; 2:2,3; 3:15; 15:1–6; പുറ. 6:2–8; 19:3–6.**

**മനഃപാഠവാക്യം: "മീതെയുള്ള യെരൂശലേമോ സ്വതന്ത്രയാകുന്നു; അവൾതന്നെ നമ്മുടെ അമ്മ" (ഗലാ. 4:26).**

പഴയനിയമത്തിന്റെ ആധികാരികത തിരസ്കരിക്കുന്ന ക്രിസ്ത്യാനികൾ ന്യായപ്രമാണം നൽകലിനെ സുവിശേഷങ്ങളുമായി പൊരുത്തപ്പെടാത്തതായി കാണുന്നു. സീനായിൽ നൽകപ്പെട്ട ഉടമ്പടി ഒരു കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നുവെന്നും, ഒരു ദൈവകല്പന, ന്യായപ്രമാണത്തോടുള്ള അനുസരണത്തിൽ അധിഷ്ഠിതമായിരുന്ന രക്ഷ മാനവചരിത്രത്തിൽനിന്നുള്ള ഒരു സമയമായിരുന്നുവെന്നും അവർ കരുതുന്നു. എന്നാൽ ന്യായപ്രമാണത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് മനുഷ്യർക്കു ജീവിക്കാൻ കഴിയാത്തതുകൊണ്ട്, ദൈവം (അവർ പറയുന്നു) ഒരു പുതിയ ഉടമ്പടി കൊണ്ടുവന്നു. യേശുക്രിസ്തുവിന്റെ നന്മയിലൂടെ ഒരു കൃപയുടെ ഉടമ്പടി! അങ്ങനെയെങ്കിൽ ഇതാണ് അവരുടെ തിരിച്ചറിവ്: പഴയത് ന്യായപ്രമാണത്തിൽ അധിഷ്ഠിതമായതും, പുതിയത് കൃപയിൽ അധിഷ്ഠിതവും.

ആ കാഴ്ചപാട് എത്ര പൊതുവായതാണെങ്കിലും അത് തെറ്റാണ്. രക്ഷയൊരിക്കലും ന്യായപ്രമാണത്തോടുള്ള അനുസരണത്താലല്ല; വേദപുസ്തകപരമായ യെഹൂദാമതം, ആരംഭം മുതൽതന്നെ, എപ്പോഴും ഒരു കൃപയുടെ മതമായിരുന്നു. പൗലൊസ് ഗലാത്യയിൽ അഭിമുഖീകരിച്ച നിയമസിദ്ധാന്തം ഒരു ഭ്രഷ്ടാചാരമായിരുന്നു. ക്രിസ്ത്യാനിത്വത്തിന്റെ മാത്രമല്ല പിന്നെയോ പഴയനിയമത്തിന്റെ തന്നെ.

ആ രണ്ട് ഉടമ്പടികൾ സമയത്തിന്റെ കാര്യത്തിലല്ല; പകരം അവ മനുഷ്യമനോഭാവത്തിന്റെ പ്രതിഫലനമാണ്. അവ ദൈവവുമായി ബന്ധപ്പെടാനുള്ള രണ്ടു വ്യത്യസ്ത വഴികളെ പ്രതിനിധാനം ചെയ്യുന്നു. കയീനും ഹാബേലിനോളവും തിരികെയെത്തിച്ചേരുന്ന വഴികൾ. കയീനെപോലെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ തെറ്റായി അവരുടെ സ്വന്തം അനുസരണത്തിൽ ആശ്രയിക്കുന്നവരെയാണ് പഴയ ഉടമ്പടി പ്രതിനിധാനം ചെയ്യുന്നത്; ഇതിനു വിരുദ്ധമായി, പുതിയ ഉടമ്പടി പ്രതിനിധാനം ചെയ്യുന്നത് ഹാബെലിനെപോലെ പൂർണമായി ദൈവകൃപയിലാശ്രയിച്ച് അവൻ വാഗ്ദത്തം ചെയ്തതൊക്കെ ചെയ്യാനാഗ്രഹിക്കുന്നവരെയാണ്.

സെപ്റ്റംബർ 2 ലെ ശബ്ബത്തിനായി ഒരുങ്ങുവാൻ ഈയാഴ്ചയിലെ പാഠം പഠിക്കുക.

**ഉടമ്പടി അടിസ്ഥാനങ്ങൾ**

ഗലാ. 4:21-31 ൽ യിസ്രായേലിന്റെ ചരിത്രത്തെക്കുറിച്ചുള്ള പൗലൊസിന്റെ വ്യാഖ്യാനമാണ് അവന്റെ എഴുത്തിലെ ഏറ്റവും പ്രയാസമേറിയ ഭാഗമെന്ന് അനേകർ കണക്കാക്കുന്നു. അതിനു കാരണം പഴയനിയമ സംഭവങ്ങളെയും വ്യക്തികളെയും കുറിച്ചുള്ള വിസ്യതമായ അറിവ് ആവശ്യമുള്ള ഒരു ഉന്നതമായ സങ്കീർണ വാദഗതിയാണ് അത് എന്നുള്ളതാണ്. ഈ പാഠഭാഗം അർത്ഥമാക്കുന്നതിലെ ഒന്നാമത്തെ പടി പൗലൊസിന്റെ വാദഗതിക്ക് കേന്ദ്രമായുള്ള ഒരു ആശയത്തെ അടിസ്ഥാന അറിവ് ഉണ്ടായിരിക്കുക എന്നതാണ്: ഉടമ്പടി എന്ന ആശയം.

"ഉടമ്പടി" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന എബ്രായപദം ബെറിറ്റ് Berit ആകുന്നു. അത് പഴയനിയമത്തിൽ ഏകദേശം 300 പ്രാവശ്യം ഉണ്ടായിരിക്കുകയും ഇരുകൂട്ടർക്കും ബാധകമായ ഒരു കരാർ, നിശ്ചയപത്രം, ഉടമ്പടി എന്നതിനെ പരാമർശിക്കുകയും ചെയ്യുന്നു. അനേകായിരം വർഷങ്ങളായി, പുരാതന കിഴക്കൻ ദേശങ്ങളിൽ ജനങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നതിൽ ഉടമ്പടികൾ ഒരു സുപ്രധാന പങ്കുവഹിച്ചിരുന്നു. ഒരു ഉടമ്പടി ഉണ്ടാക്കുന്ന പ്രക്രിയയുടെ ഭാഗമായി മിക്കപ്പോഴും മൃഗങ്ങളെ കശാപ്പ് ചെയ്തിരുന്നു (അക്ഷരാർത്ഥത്തിൽ മുറിക്കുക). മൃഗങ്ങളെ കൊല്ലുന്നത് സൂചിപ്പിച്ചത് ഉടമ്പടി വാഗ്ദത്തങ്ങളെയും കടമകളും പാലിക്കാൻ പരാജയപ്പെടുന്നയാൾക്ക് എന്ത് സംഭവിക്കുമെന്നാണ്.

"ആദാം മുതൽ യേശുവരെ, ദൈവം മനുഷ്യരാശിയുമായി ഇടപെട്ടത് വരുവാനുള്ള ഒരു വീണ്ടെടുപ്പുകാരനെ കേന്ദ്രീകരിച്ചുള്ളതും ദാവീദിൻ ഉടമ്പടിയിൽ (ഉല്പ. 12:2,3; 2 ശമു. 7:12-17; യെശ. 11) മൂർദ്ധന്യാവസ്ഥയിൽ എത്തിച്ചേർന്നതുമായ ഉടമ്പടി വാഗ്ദത്തങ്ങളുടെ ഒരു പരമ്പരയിലൂടെയാണ്. ബാബിലോണിയൻ അടിമത്തത്തിലായിരുന്ന യിസ്രായേലിനോട് ദൈവം കുറച്ചുകൂടി ഫലപ്രദമായ ഒരു പുതിയ ഉടമ്പടി (യിരെ. 31:31-34). ദാവീദ് വംശജനായ മശീഹയുടെ ബന്ധത്തിൽ നൽകി (യെഹെ. 36:26-28; 37:22-28).

**പാപത്തിനുമുൻപ് ഏദെൻതോട്ടത്തിൽ ആദാമുമായി ദൈവമുണ്ടാക്കിയ ആദിമ ഉടമ്പടിയുടെ അടിസ്ഥാനം എന്തായിരുന്നു? ഉല്പ. 1:28; 2:2,3, 15-17.**

വിവാഹം, ശാരീരിക അദ്ധ്വാനം, ശബ്ബത്ത് എന്നിവയെല്ലാം സൃഷ്ടിയുടെ ഉടമ്പടിയുടെ പൊതുകാര്യങ്ങളായിരുന്നപ്പോഴും അതിന്റെ പ്രധാന ശ്രദ്ധാകേന്ദ്രം വിലക്കപ്പെട്ട കനി ഭക്ഷിക്കരുതെന്നുള്ള ദൈവത്തിന്റെ കല്പനയായിരുന്നു. ആ ഉടമ്പടിയുടെ അടിസ്ഥാനപ്രകൃതം ദൈവവുമായി ഐക്യത്തിൽ സൃഷ്ടിക്കപ്പെട്ടിരുന്ന ഒരു പ്രകൃതിയിൽ "അനുസരിച്ച് ജീവിക്കുക" എന്നതായിരുന്നു. അസാദ്ധ്യമായത് ദൈവം ആവശ്യപ്പെട്ടില്ല. അനുസരണം എന്നത് മനുഷ്യവർഗ്ഗത്തിന്റെ സ്വാഭാവിക ചായ്‌വായിരുന്നു; എന്നിട്ടുകൂടി ആദാമും ഹവ്വയും സ്വാഭാവികമല്ലാത്തത് ചെയ്യുവാൻ തെരഞ്ഞെടുത്തു. അങ്ങനെ ആ പ്രവൃത്തിയിൽ അവർ സൃഷ്ടിയുടെ ഉടമ്പടി തകർക്കുക മാത്രമല്ല, ഇപ്പോൾ പാപത്താൽ ദുഷിക്കപ്പെട്ട മനുഷ്യർക്ക് അതിന്റെ വ്യവസ്ഥകൾ അസാദ്ധ്യമാക്കുകയും ചെയ്തു. ആദാമും ഹവ്വയും നഷ്ടപ്പെടുത്തിയ

ആ ബന്ധം ദൈവം സ്വയം പുനഃസ്ഥാപിക്കും. ഒരു രക്ഷകനായുള്ള ദിവ്യ വാഗ്ദത്തത്തെ അടിസ്ഥാനപ്പെടുത്തി ഒരു കൃപയുടെ ഉടമ്പടി നടപ്പിലാക്കുന്നതിലൂടെ അവൻ ഇത് ചെയ്തു (ഉല്പ. 3:15).

**റോമർ 3:15 വായിക്കുക. വേദപുസ്തകത്തിലെ ആദ്യ സുവിശേഷ വാഗ്ദത്തം. ആ വാകൃത്തിൽ എവിടെയാണ് നമുക്ക് ക്രിസ്തുവിലുള്ള പ്രത്യാശയെക്കുറിച്ചുള്ള ഒരു സൂചനയുള്ളത്?**

**തിങ്കൾ** **ആഗസ്റ്റ് 28**

**അബ്രഹാമിന്റെ ഉടമ്പടി**

**ഉല്പത്തി 12:1–5 ൽ എന്ത് ഉടമ്പടി വാഗ്ദത്തങ്ങളാണ് ദൈവം അബ്രഹാമിനോട് ചെയ്തത്?**

പഴയനിയമത്തിലെ വളരെ ശക്തമായ പാഠഭാഗങ്ങളിലൊന്ന് അബ്രഹാമിനോട് ദൈവം ചെയ്ത ആദ്യവാഗ്ദത്തങ്ങളാണ്. ഈ വാകൃങ്ങളെല്ലാം തന്നെ ദൈവത്തിന്റെ കൃപയെക്കുറിച്ചാണ്. അബ്രഹാമല്ല ദൈവമാണ് വാഗ്ദത്തങ്ങളൊക്കെ ചെയ്യുന്നത്. ദൈവത്തിന്റെ പ്രീതി സമ്പാദിക്കാൻ അബ്രാം ഒന്നും ചെയ്തില്ല; ഈ കരാറുമായി മുൻപോട്ട് വരുവാൻ ദൈവവും അബ്രാമും ചേർത്തു പ്രവർത്തിച്ചു എന്ന് സൂചന നൽകുന്ന യാതൊന്നും തന്നെ ഇവിടെയില്ല. ദൈവമാണ് വാഗ്ദത്തങ്ങളൊക്കെ ചെയ്യുന്നത്. ഇതിനു വിരുദ്ധമായി, ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ ഉറപ്പ് വിശ്വസിക്കുവാൻ അബ്രാം വിളിക്കപ്പെടുകയാണ്. ഏതെങ്കിലും വിധത്തിലുള്ള ബലഹീനമായ "വിശ്വാസമല്ല" പിന്നെയോ അവന്റെ വലിയ പിതൃഭവനത്തെ ഉപേക്ഷിച്ച് (75–ാം വയസ്സിൽ) ദൈവം കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോകുന്നതിലൂടെ വെളിവായ വിശ്വാസം.

അബ്രഹാമിനും അവനിലൂടെ എല്ലാ മനുഷ്യർക്കും ഉണ്ടാകാനിരിക്കുന്ന "അനുഗ്രഹങ്ങൾ" പ്രഖ്യാപിച്ചശേഷം സ്രഷ്ടാവ് അവന്റെ വീണ്ടെടുപ്പിൻ ഉദ്ദ്യേശ്യം പുതുക്കി. പറുദീസയിൽ അവൻ ആദാമിനെയും ഹവ്വയെയും അനുഗ്രഹിച്ചു (ഉല്പ. 1:28; 5:2). പിന്നീട് ജലപ്രളയത്തിനുശേഷം നോഹയെയും പുത്രന്മാരെയും അനുഗ്രഹിച്ചു (9:1). ഇപ്രകാരം മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുന്ന ഒരു വീണ്ടെടുപ്പുകാരന്റെ ആദിമ വാഗ്ദത്തത്തെയും തിന്മയെ നശിപ്പിക്കുമെന്നും പറുദീസ വീണ്ടെടുക്കുമെന്നും അവൻ വ്യക്തമാക്കി (ഉല്പ. 3:15). "സകലജനത്തെയും" അനുഗ്രഹിക്കുമെന്ന അവന്റെ വാഗ്ദത്തം അവൻ ഉറപ്പിച്ചു" Hans k LaRondelle, our Creater Redeemer, pp. 22,23.

**വാഗ്ദത്ത പുത്രൻ ജനിക്കുന്നതിനായി പത്ത് വർഷം കാത്തിരുന്നശേഷം, ദൈവത്തിന്റെ വാഗ്ദത്തത്തെക്കുറിച്ച് അബ്രാമിന് എന്ത് ചോദ്യങ്ങളാണുണ്ടായിരുന്നത്? ഉല്പത്തി 15:1–6.**

യാതൊരുവിധ ചോദ്യങ്ങളോ സംശയങ്ങളോ ഇല്ലായിരുന്ന വിശ്വാസത്തിന്റെ മനുഷ്യൻ ആയിരുന്നു അബ്രാം എന്ന് അവനെ മഹത്വീകരിക്കുന്നത് എളുപ്പമാണ്. എന്തായാലും, തിരുവെഴുത്ത് വേറൊരു ചിത്രമാണ് വരച്ചുകാട്ടുന്നത്. അബ്രാം വിശ്വസിച്ചു. എന്നാൽ അവനും മാർഗ്ഗമദ്ധ്യേ ചോദ്യങ്ങളുണ്ടായിരുന്നു. അവന്റെ വിശ്വാസം

ഒരു വളരുന്ന വിശ്വാസമായിരുന്നു. മർക്കൊ. 9:24-ലെ പിതാവിനെപ്പോലെ, അടിസ്ഥാന പരമായി അബ്രാം ദൈവത്തോട് പറഞ്ഞത് "ഞാൻ വിശ്വസിക്കുന്നു" എന്നാണ്. ഇതിന് പ്രതികരണമായി, ദൈവം അവനുമായി ഒരു കരാറിലേർപ്പെട്ട് അവനുനൽകിയ വാഗ് ദത്തത്തിന്റെ ഉറപ്പ് കൃപയോടെ അവനെ ബോധിപ്പിച്ചു (ഉല്പ. 15:7-18).

ഈ പാഠഭാഗത്തെ ഇത്ര ആശ്ചര്യകരമാക്കുന്നത് ദൈവം അബ്രാമുമായി ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു എന്ന വസ്തുതയല്ല പിന്നെയോ അങ്ങനെ ചെയ്യുന്നതിനു ദൈവം എത്രമാത്രം താഴാൻ സന്നദ്ധനായിരുന്നുവെന്നതാണ്. ആദിമ കിഴക്കൻ ദേശങ്ങളിലെ ഭരണാധികാരികളിൽനിന്ന് വ്യത്യസ്തനായി, തങ്ങളുടെ ദാസന്മാർക്ക് വാഗ്ദത്തം നൽകുവാൻ അവർ വിസമ്മതിച്ചപ്പോൾ ദൈവം വാക്ക് നൽകുക മാത്ര മല്ല, പിന്നെയോ സൂചനാപരമായി അറുക്കപ്പെട്ട മാംസകഷ്ണങ്ങളിലൂടെ കടന്നു പോകുകയും, അതിന്മേൽ അവന്റെ ജീവനെത്തന്നെ പണയം വെക്കുകയും ചെയ്തു. നിശ്ചയമായും, അവന്റെ വാഗ്ദത്തം ഒരു യാഥാർത്ഥ്യമാകാൻ യേശു ആത്യന്തിക മായി കാൽവറിയിൽ അവന്റെ ജീവനെ നൽകി.

**അസാദ്ധ്യമെന്ന് തോന്നിക്കുന്ന കാര്യങ്ങളിൽ വിശ്വാസത്താൽ നിങ്ങൾ കയ്യെത്തിപ്പിടിക്കാനുള്ള മേഖലകളിൽ ചിലത് ഏതാണ്? എന്തുവന്നാലും മുറുകെ പ്പിടിക്കാൻ നിങ്ങൾക്ക് എങ്ങനെ പഠിക്കാൻ കഴിയും?**

**ചൊവ്വ** **ആഗസ്റ്റ് 29**

**അബ്രഹാം, സാറാ, ഹാഗർ**

**എന്തുകൊണ്ടാംണ് പൗലൊസ് ഹാഗയുമായുള്ള സംഭവത്തെ തരംതാഴ്ത്തി കാണുന്നത്? ഗലാ. 4:21-31; ഉല്പ. 16. ഈ പഴയനിയമ കഥയിലൂടെ രക്ഷയെ ക്കുറിച്ചുള്ള എന്ത് സുപ്രധാനകാര്യമാണ് പൗലൊസ് ഉന്നയിക്കുന്നത്?**

ഉല്പത്തിക്കഥയിൽ ഹാഗറിന്റെ സ്ഥാനം ദൈവവാഗ്ദത്തത്തിൽ വിശ്വസിക്കു ന്നതിന് അബ്രാമിനു നേരിട്ട പരാജയവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അബ്രാ മിന്റെ ഭവനത്തിലെ ഒരു മിസ്രയീം അടിമ എന്നനിലയിൽ, സാറായെ കൈമറിയ തിന് ഫറവോൻ കൊടുത്ത അനേക സമ്മാനങ്ങളിൽ ഒന്നായാണ് ഹാഗർ അബ്രാ മിന്റെ കൈവശമെത്തിയത്, ദൈവവാഗ്ദത്തിൽ അബ്രാമിന്റെ അവിശ്വാസവുമായി ബന്ധപ്പെട്ട ആദ്യ സംഭവം (ഉല്പ. 12:11-16).

വാഗ്ദത്ത പൈതൽ ജനിക്കുന്നതിനായി 10 വർഷങ്ങൾ കാത്തിരുന്നിട്ട്, അബ്രാ മിനും സാറായ്ക്കും കുഞ്ഞുങ്ങളുണ്ടായില്ല. ദൈവത്തിന് അവരുടെ സഹായമാവ ശ്യമുണ്ട് എന്ന നിഗമനത്തിൽ, സാറാ ഹാഗറിനെ ഒരു വെപ്പാട്ടിയായി അബ്രാമിനു നൽകി. ഇന്നു നമുക്ക് അത് വിചിത്രമെങ്കിലും, സാറായുടെ പദ്ധതി വളരെ സാമർത്ഥ്യ മുള്ളതായിരുന്നു. പുരാതന ആചാരമനുസരിച്ച്, ഒരു പെൺഅടിമയ്ക്ക് അവളുടെ യജമാനത്തി മച്ചിയാണെങ്കിൽ നിയമപരമായി ഒരു പകരക്കാരി അമ്മയായി പ്രവർത്തിക്കാം. അങ്ങനെ അവളുടെ ഭർത്താവിൽനിന്നും ഹാഗറിൽനിന്നും ജനി ക്കുന്ന ഏതൊരു പൈതലിനെയും സാറായ്ക്ക് സ്വന്തം മകനായി കണക്കാക്കാം. ആ പദ്ധതിയിൽ ഒരു പൈതലുണ്ടായെങ്കിലും, ദൈവം വാഗ്ദത്തം ചെയ്ത പൈതൽ അതായിരുന്നില്ല.

നിരുത്സാഹപ്പെടുത്തുന്ന സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ, ദൈവത്തിന്റെ ഒരു വലിയ മനുഷ്യനുപോലും വിശ്വാസത്തിൽ വീഴ്ച ഭവിച്ചു എന്ന ശക്തമായ ഉദാഹരണം ഈ പാഠത്തിലുണ്ട്. ഉല്പ. 17:18,19 ൽ അബ്രാം ദൈവത്തോട് യിശ്മായേലിനെ അവന്റെ അവകാശിയായി സ്വീകരിക്കാൻ യാചിച്ചു; ദൈവം, നിശ്ചയമായും ആ അപേക്ഷ നിരസിച്ചു. യിശ്മായേലിന്റെ ജനനത്തിലെ ഒരേയൊരു "അതിശയകരമായ" കാര്യം സാറാ തന്റെ  ഭർത്താവിനെ മറ്റൊരു സ്ത്രീയുമായി പങ്കുവെക്കാൻ തയ്യാറായി എന്നതാണ്!. ഈ സ്ത്രീക്ക് ഒരു കുഞ്ഞുണ്ടായി എന്നതിൽ അസ്വഭാവികമായി ഒന്നുമില്ല, "ജഡത്താൽ ജനിച്ച ഒരു കുട്ടി."സാഹചര്യങ്ങൾ വിശ്വാസത്തെ മറികടക്കാൻ അബ്രാം അനുവദിക്കാതിരുന്നുവെങ്കിൽ, ഇവയൊന്നും സംഭവിക്കില്ലായിരുന്നു. വളരെയധികം ദുഃഖവും ഒഴിവാക്കാമായിരുന്നു.

**ഇശ്മായേലിന്റെ ജനനത്തിനു വിരുദ്ധമായി, ഇസ്ഹാക്കിന്റെ ജന്മത്തെ ചുറ്റിപ്പറ്റിയുള്ള സാഹചര്യങ്ങൾ നോക്കുക: ഉല്പ. 17:15-19; 18:10-13; എബ്രാ. 11:11,12. എന്തുകൊണ്ടാണ് ഈ സാഹചര്യങ്ങൾക്ക് അബ്രാമിന്റെയും സാറായുടെയും വളരെയധികം വിശ്വാസം ആവശ്യമായി വന്നത്?**

**ഏതെല്ലാം രീതികളിലാണ് ദൈവവാഗ്ദത്തങ്ങളിലൂള്ള നിങ്ങളുടെ വിശ്വാസത്തിന്റെ അഭാവം നിങ്ങൾക്ക് കുറച്ച് വേദന നല്കിയിട്ടുള്ളത്? എന്തുതന്നെയായാലും, ദൈവത്തെ അവന്റെ വാക്കിൽ വിശ്വസിക്കാൻ ഈ തെറ്റുകളിൽ നിന്നും നിങ്ങൾക്ക് എങ്ങനെ പഠിക്കാൻ കഴിയും? ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ ആശ്രയിക്കാനുള്ള നിങ്ങളുടെ കഴിവിനെ ശക്തിപ്പെടുത്താൻ സഹായിക്കുന്നതിൽ നിങ്ങൾക്ക് എന്ത് തെരഞ്ഞെടുപ്പുകൾ നടത്താം?**

**ബുധൻ** **ആഗസ്റ്റ് 30**

**സീനായ് മലയും ഹാഗറും (ഗലാ. 4:21-31)**

**ഏതു തരത്തിലുള്ള ഉടമ്പടിബന്ധമാണ് സീനായിൽ അവന്റെ ജനങ്ങളുമായി സ്ഥാപിക്കാൻ ദൈവം ആഗ്രഹിച്ചത്? അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ എന്ത് സമാനതകളാണ് അത് പങ്കുവെയ്ക്കുന്നത്? പുറ. 6:2-8; 19:36; ആവ. 32:10-12).**

അബ്രഹാമുമായി അവൻ പങ്കുവെച്ച അതേ ഉടമ്പടിബന്ധമാണ് യിസ്രായേൽ മക്കളുമായി സീനായിൽ പങ്കുവെയ്ക്കാൻ ദൈവം ആഗ്രഹിച്ചത്. വാസ്തവത്തിൽ, ഉല്പ. 12:1-3 ൽ അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാക്കുകളിലും സമാനതകൾ നിലനിൽക്കുന്നു. രണ്ട് സന്ദർഭങ്ങളിലും അവന്റെ ജനങ്ങൾക്കുവേണ്ടി അവനെന്തുചെയ്യുമെന്നു ദൈവം ഊന്നിപ്പറയുന്നു. അവന്റെ അനുഗ്രഹം നേടുന്നതിന് അവർ എന്തെങ്കിലും ചെയ്യുമെന്ന് വാഗ്ദത്തം ചെയ്യാൻ ദൈവം ആവശ്യപ്പെടുന്നില്ല; പകരം, ആ അനുഗ്രഹങ്ങൾക്കുള്ള പ്രതികരണമായി അവർ അനുസരിക്കേണ്ടിയിരിക്കുന്നു. പുറ. 19:5ൽ "അനുസരിക്കുക" എന്ന് തർജ്ജമ ചെയ്തിരിക്കുന്ന എബ്രായ പദത്തിന്റെ  യഥാർത്ഥ അർത്ഥം "കേൾക്കുക" എന്നാണ്. ദൈവത്തിന്റെ വാക്കുകൾ പ്രവർത്തിയാലുള്ള നീതിയെ സൂചിപ്പിക്കുന്നില്ല. ഇതിനു വിപരീതമായി, അവന്റെ

വാഗ്ദത്തങ്ങൾക്കുള്ള പ്രതികരണമായി അബ്രഹാമിനുണ്ടായിരുന്ന വിശ്വാസം (കുറഞ്ഞ പക്ഷം മിക്ക സമയങ്ങളിലും) യിസ്രായേലിനും ഉണ്ടാകണം എന്ന് ദൈവം ആഗ്രഹിച്ചു.

**യിസ്രായേല്യർക്കു ദൈവം സീനായിൽ കൊടുത്ത ഉടമ്പടി ബന്ധം അബ്രഹാമിനു നൽകിയതുപോലുള്ളതാണെങ്കിൽ, എന്തുകൊണ്ടാണ് പൗലൊസ് ഹാഗറിന്റെ നിഷേധാത്മക അനുഭവവുമായി സീനായി മലയെ ബന്ധപ്പെടുത്തുന്നത്? പുറ. 13:7–25; എബ്രാ. 8:6,7.**

സീനായിലെ ഉടമ്പടി ഉദ്ദ്യേശിച്ചത് മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾ ചൂണ്ടിക്കാണിക്കുവാനും സമാഗമ ശുശ്രൂഷകളിൽ സൂചിപ്പിക്കപ്പെടുന്നതുപോലെ ദൈവത്തിന്റെ ധാരാളമായ കൃപ അതിനു പരിഹാരമാണെന്ന് കാണിക്കാനുമാണ്. സീനായി ഉടമ്പടിയുടെ പ്രശ്നം ദൈവത്തിന്റെ ഭാഗത്തല്ല മറിച്ച് ജനങ്ങളുടെ വ്യാജ വാഗ്ദത്തങ്ങളിലാണ് (എബ്രാ. 8:6). വിശ്വാസത്തിലും താഴ്മയിലും ദൈവത്തിന്റെ വാഗ്ദത്തങ്ങളോട് പ്രതികരിക്കുന്നതിനുപകരം, യിസ്രായേല്യർ പ്രതികരിച്ചത് ആത്മ വിശ്വാസത്തിലാണ്. "യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ ചെയ്യും" (പുറ. 19:8). മിസ്രയീമിൽ ഏകദേശം 400 വർഷത്തിലധികം അടിമകളായി ജീവിച്ചതിനുശേഷം, അവർക്ക് ദൈവത്തിന്റെ മഹത്വത്തെക്കുറിച്ചോ അവരുടെ പാപത്തിന്റെ ആധിക്യത്തെക്കുറിച്ചോ യഥാർത്ഥബോധമില്ലായിരുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറാൻ അബ്രഹാമും സാറായും സഹായിച്ചതുപോലെതന്നെ, ദൈവത്തിന്റെ കൃപയുടെ ഉടമ്പടിയെ ഒരു പ്രവൃത്തികളുടെ ഉടമ്പടിയായി മാറ്റാൻ യിസ്രായേല്യർ ശ്രമിച്ചു. ഹാഗർ സീനായെ സൂചിപ്പിക്കുന്നു രണ്ടിലും പ്രവർത്തികളാലുള്ള രക്ഷയുടെ മനുഷ്യശ്രമങ്ങളെ വെളിവാക്കുന്നു.

സീനായിൽ നൽകപ്പെട്ട ന്യായപ്രമാണം തിന്മയോ നീങ്ങിപ്പോയതോ അണെന്ന് പൗലൊസ് അവകാശപ്പെടുന്നില്ല. അവന് ഉത്കണ്ഠയുള്ളത് ഗലാത്യരുടെ ന്യായപ്രമാണത്തെക്കുറിച്ചുള്ള നിയമസിദ്ധാന്തപരമായ തെറ്റിദ്ധാരണയാണ്.

ന്യായപ്രമാണാചരണത്തിലൂടെ ദൈവത്തെ പ്രസാദിപ്പിക്കുന്നത് തികച്ചും അസാദ്ധ്യമാണെന്ന് ബോധ്യപ്പെടുന്നതിനുപകരം, ന്യായപ്രമാണം അവരിൽ വളർത്തിയത് വ്യക്തിപരമായ ശ്രമങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കാനുള്ള കഴിയുമെന്ന ദൃഢനിശ്ചയമാണ് യെഹൂദരെ ക്രിസ്തുവിങ്കലേക്ക് നയിക്കുകയെന്ന കൃപയുടെ ലക്ഷ്യം. എന്നാൽ പകരം, അതവരെ ക്രിസ്തുവിൽനിന്നും അടച്ചുകളഞ്ഞു. " O Palmer Robertson, The christ of the covenants (phillipsburg, N.J: Presbyterian and Reformed publishing co., 1980), p.181

**വ്യാഴം** **ആഗസ്റ്റ് 31**

**ഇസ്മായേലും യിസ്ഹാക്കും ഇന്ന്**

യെഹൂദാക്രിസ്ത്യാനിത്വത്തിന്റെയും ന്യായപ്രമാണത്തിന്റെയും കേന്ദ്രമായ യെരൂശലേം അവരുടെ മാതാവാണെന്നും അവരാണ് അബ്രഹാമിന്റെ യഥാർത്ഥ

പിൻഗാമികളാണെന്നുമുള്ള പൗലൊസിന്റെ എതിരാളികളുടെ വാദഗതിയെ എതിർക്കുന്നതിനെ ഉദ്ദേശിച്ചാണ് പൗലൊസ് യിസ്രായേലിന്റെ ലഘുചരിത്രം തയ്യാറാക്കിയത്.

ജാതികൾ നിയമാനുസൃതമല്ലാത്തവരാണെന്ന് അവർ ആരോപിച്ചു. അവർക്ക് ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളാകണമെങ്കിൽ അവരാദ്യം അഗ്രചർമ്മത്തിന്റെ ന്യായപ്രമാണത്തിനു വിധേയരായി അബ്രഹാമിന്റെ ഒരു മകൻ ആകണം.

സത്യം അതിനെതിരാണെന്ന് പൗലൊസ് പറയുന്നു. ഈ നിയമസിദ്ധാന്തവാദികൾ അബ്രഹാമിന്റെ പുത്രന്മാരല്ല അവർ നിയമാനുസൃതമല്ലാത്ത പുത്രന്മാരാണ്. ഇശ്മായേലിനെപോലെ അഗ്രചർമ്മത്തിൽ അവരുടെ ആശ്രയം വച്ചുകൊണ്ട്, അവർ "ജഡത്തെ"ആശ്രയിക്കുകയാണ്. സാറ ഹാഗറിനോട് ചെയ്തതുപോലെയും യിസ്രായേൽ ദൈവത്തിന്റെ ന്യായപ്രമാണത്തോട് സീനായിൽ ചെയ്തതുപോലെയും. എന്നിരുന്നാലും പുറജാതി വിശ്വാസികൾ, അബ്രഹാമിന്റെ സന്തതികളാണ്, സ്വാഭാവികമായല്ല, പിന്നെയോ യിസ്ഹാക്കിനെപ്പോലെ അമ്മാനുവികമായി യിസ്ഹാക്കിനെപ്പോലെ അവർ അബ്രഹാമിനുകൊടുത്ത ഒരു വാഗ്ദത്തത്തിന്റെ പൂർത്തീകരണമാണ്...; യിസ്ഹാക്കിനെ പോലെ സ്വാതന്ത്ര്യത്തിലേക്കുള്ള അവരുടെ ജനനം ദൈവിക കൃപയുടെ ഫലമാണ്; യിസ്ഹാക്കിനെപോലെ, അവർ വാഗ്ദത്ത ഉടമ്പടിയുടെ ഭാഗമാണ്. James D.G Dunn, The Epistle to the Galatians (London: Hendrickson publishers, 1993), p.256

**അബ്രഹാമിന്റെ യഥാർത്ഥ പിൻഗാമികൾ ഈ ലോകത്തിൽ എന്ത് നേരിടും? ഗലാ. 4:28-31; ഉല്പ. 21:8-12.**

വാഗ്ദത്ത സന്തതിയായിരുന്ന യിസ്ഹാക്കിന് അനുഗ്രഹങ്ങൾ മാത്രമല്ല കൈവന്നത് പിന്നെയോ, എതിർപ്പും പീഡനവും. പീഡനത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ പൗലൊസിന്റെ മനസ്സിൽ ഉല്പത്തി 21:8-10 ലെ ചടങ്ങുമുണ്ട്. ഇവിടെ യിസ്ഹാക്കിനെ ആദരിക്കുമ്പോൾ യിസ്മായേൽ അവനെ പരിഹസിക്കുന്നതായി തോന്നുന്നു. ഉല്പത്തി 21:9ലുള്ള എബ്രായ പദത്തിനർത്ഥം "ചിരിക്കുക" എന്നാണ്, എന്നാൽ സാറായുടെ പ്രതികരണം വെളിവാക്കുന്നത് യിസ്മായേൽ യിസ്ഹാക്കിനെ പരിഹസിക്കുകയോ അധിക്ഷേപിക്കുകയോ ആണെന്നാണ്. യിസ്മായേലിന്റെ പെരുമാറ്റം അത്ര പ്രധാനമായി നമുക്കിന്ന് തോന്നുന്നില്ലെങ്കിലും, കുടുംബജന്മാവകാശ പ്രശ്നം ആഴത്തിലുള്ള ശത്രുതകളെ വെളിവാക്കി. പൗരാണികകാലത്തെ അനേകം ഭരണാധികാരികളും അവരുടെ സ്ഥാനം ഉറപ്പിക്കാൻ ശ്രമിച്ചത് സാധ്യതയുള്ള ശത്രുക്കളെ സഹോദരങ്ങൾ ഉൾപ്പെടെ ഉന്മൂലം ചെയ്തുകൊണ്ടാണ് (ന്യായാ. 9:1-6). യിസ്ഹാക് എതിർപ്പ് നേരിട്ടെങ്കിലും, അവന്റെ പിതാവിന്റെ അനന്തരാവകാശിയായതിന്റെ കൂടെയുള്ള അനുകൂലഭാവവും, സംരക്ഷണവും സ്നേഹവും അവൻ ആസ്വദിച്ചു.

യിസ്ഹാക്കിന്റെ ആത്മീയ അവകാശികൾ എന്ന നിലയ്ക്ക്, നമുക്ക് എതിർപ്പും കഷ്ടപ്പാടും ഉണ്ടാകുമ്പോൾ നാം ആശ്ചര്യപ്പെടരുത്. സഭാകുടുംബത്തിനുള്ളിൽ നിന്നും ഉണ്ടാകുമ്പോൾപോലും.

ഏതെല്ലാം രീതിയിലാണ് നിങ്ങൾ പീഡനം അനുഭവിച്ചിട്ടുള്ളത്, പ്രത്യേകിച്ച് നിങ്ങളോട് കൂടുതൽ അടുപ്പമുള്ളവരിൽനിന്നും, നിങ്ങളുടെ വിശ്വാസം കാരണം? അല്ലെങ്കിൽ ഈ കടുപ്പമേറിയ ചോദ്യം നിങ്ങളോട് തന്നെ ചോദിക്കുക: മറ്റുള്ളവരുടെ വിശ്വാസത്തിന്റെ പേരിൽ അവരെ പീഡിപ്പിക്കുന്നതിൽ നിങ്ങൾ കുറ്റക്കാരാണോ? അതേക്കുറിച്ച് ചിന്തിക്കുക.

**വെള്ളി** **സെപ്റ്റംബർ 1**

**കൂടുതൽ ചിന്ത: EGW, "The Law and the covenats" pp. 363-373, in patriarchs and prophets വായിക്കുക.**

"വീണ്ടെടുപ്പിന്റെ വാഗ്ദത്തം അബ്രഹാമിക ഉടമ്പടിയിൽ ഉണ്ടായിരുന്നുവെങ്കിൽ, എന്തിനാണ് മറ്റൊന്ന് സീനായിൽ രൂപപ്പെടുത്തിയത്? അവരുടെ അടിമത്തത്തിൽ ജനങ്ങൾക്ക് ഒരു വലിയ അളവുവരെ ദൈവത്തെക്കുറിച്ചും അബ്രഹാമിക ഉടമ്പടിയുടെ തത്വങ്ങളും നഷ്ടമായിരുന്നു...

"ദൈവം അവരെ സീനായിൽ കൊണ്ടുവന്നു; അവൻ അവന്റെ മഹത്വം വെളിപ്പെടുത്തി; അവൻ അവന്റെ ന്യായപ്രമാണം അവർക്കു നൽകി; അനുസരണത്തിന്റെ വ്യവസ്ഥയിലുള്ള വലിയ അനുഗ്രഹങ്ങളും നൽകി;" "നിങ്ങൾ എന്റെ വാക്കു കേട്ട് അനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങൾ എനിക്കു സകലജാതികളിലും വച്ചു പ്രത്യേക സമ്പത്തായിരിക്കും" (പുറ. 19:5,6). അവരുടെ സ്വന്തം ഹൃദയങ്ങളുടെ പാപാവസ്ഥ അവർ തിരിച്ചറിഞ്ഞില്ല, ക്രിസ്തുവില്ലാതെ അവർക്കു ന്യായപ്രമാണം പാലിക്കുക അസാദ്ധ്യമാണെന്നും അവർ അറിഞ്ഞില്ല; അവർ ദൈവവുമായി നേരിട്ട് ഉടമ്പടിയിലാകുകയും ചെയ്തു... എന്നിട്ടുകൂടി ദൈവവുമായുള്ള ഉടമ്പടി ലംഘിക്കുന്നതിന് അവർക്ക് ആഴ്ചകളേ വേണ്ടിവന്നുള്ളൂ. ഒരു പ്രതിമയെ അവർ ആരാധിച്ചു. അവർ ലംഘിച്ച ഒരു ഉടമ്പടിയിലൂടെ അവർക്ക് ദൈവത്തിന്റെ പ്രീതി ലഭിക്കുമെന്ന് ആശിക്കാനാകില്ല; ഇപ്പോഴാകട്ടെ, അവരുടെ പാപാവസ്ഥയും ക്ഷമയ്ക്കുള്ള അവരുടെ ആവശ്യകതയും കണ്ടിട്ട്, യാഗാർപ്പണങ്ങളിൽ നിഴലായി കാണപ്പെടുകയും അബ്രഹാമിക ഉടമ്പടിയിൽ വെളിവാക്കപ്പെടുകയും ചെയ്ത രക്ഷകന്റെ ആവശ്യം അവർക്കു ബോധ്യപ്പെടുത്തി. ഇപ്പോൾ അവർ വിശ്വാസത്താലും സ്നേഹത്താലും പാപത്തിന്റെ അടിമത്തത്തിൽനിന്ന് വിടുവിക്കുന്നവൻ എന്നനിലയിൽ അവർ ദൈവത്തോട് ചേർക്കപ്പെട്ടു. ഇപ്പോഴവർ പുതിയ ഉടമ്പടിയുടെ അനുഗ്രഹങ്ങൾ അംഗീകരിക്കുവാൻ തയ്യാറായിരുന്നു. "EGW, patriarchs and prophets,pp.371,372

**ചർച്ചാചോദ്യങ്ങൾ:**

(1) ദൈവവുമായുള്ള നിങ്ങളുടെ സ്വന്തം നടപ്പിൽ കൂടുതലായും "പഴയ ഉടമ്പടി" ആണോ ഒരു "പുതിയ ഉടമ്പടി" രീതിയാണോ? എങ്ങനെയാണ് നിങ്ങൾക്ക് ആ വ്യത്യാസം പറയുവാൻ കഴിയുക?

(2) നിങ്ങളുടെ ശരീരത്തിനുള്ളിൽ പിരിമുറുക്കമുണ്ടാക്കുന്ന നിങ്ങളുടെ പ്രാദേശികസഭയിലെ ചിലവിഷയങ്ങൾ എന്തൊക്കെയാണ്? അവ എങ്ങനെയാണ് പരി

ഹരിക്കപ്പെടുന്നത്? നിങ്ങൾ “പീഡനത്തിന്” ഇരയാകുന്നതായി നിങ്ങൾ കണ്ടെത്തിയാലും, നിങ്ങൾ അല്ല പീഡനം ചെയ്യുന്നതെന്ന് നിങ്ങൾക്ക് എങ്ങനെ ഉറപ്പാക്കാം? അവിടെയുള്ള നേർത്ത രേഖ എവിടെയാണ്? (മത്താ. 18:15-17 ഉം കാണുക).

(3) എത്ര പ്രാവശ്യമാണ് നിങ്ങൾ ദൈവത്തോട് അത് ചെയ്യില്ല ഇത് ചെയ്യില്ല എന്ന് വാഗ്ദത്തം ചെയ്യുകയും പിന്നീട് അവതന്നെ ചെയ്യുകയും ചെയ്തിട്ടുണ്ട്? എങ്ങനെയാണ് ഈ സങ്കടകരമായ വസ്തുത കൃപയുടെ അർത്ഥം മനസ്സിലാക്കുവാൻ നിങ്ങളെ സഹായി ക്കുക?

സംഗ്രഹം: ദൈവം വാഗ്ദത്തം ചെയ്തതിനെ നേടിയെടുക്കാൻ നമ്മുടെ സ്വന്തം ശ്രമങ്ങളിൽ ആശ്രയിക്കുന്നതിന്റെ മണ്ടത്തരത്തെ സീനായിമലയിലുള്ള യിസ്രായേൽ മക്കളുടെയും, ഇസ്മായേലിന്റെയും, ഹാഗറിന്റെയും കഥകൾ ചിത്രീകരിക്കുന്നു. ഇപ്രകാരമുള്ള സ്വയനീതിയെയാണ് പുതിയ ഉടമ്പടി എന്ന് പരാമർശിക്കുന്നത്. പുതിയ ഉടമ്പടി ആകട്ടെ പാപത്തിനുശേഷം ആദ്യമായി ആദാമിനോടും ഹവ്വായോടും ആദ്യം സ്ഥാപിക്കപ്പെട്ടതും, അബ്രഹാമിൽ പുതുക്കപ്പെട്ടതും, ആത്യന്തികമായി ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടതും.